**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2205** **12-02-2024 - ൽ മറുപടിയ്ക്ക്**

**പോക്സോ കേസുകൾ സംബന്ധിച്ച ഇന്റലിജൻസ് കണ്ടെത്തലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോടതികളിൽ എത്തുന്ന പോക്സോ കേസുകൾ ഒത്തുതീർപ്പാക്കാൻ പബ്ലിക് പ്രോസിക്യൂട്ടർമാർ ഇടനിലക്കാരാകുന്നതായി ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇപ്രകാരം ഒരു റിപ്പോർട്ട് ലഭിച്ചിട്ടില്ല. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് 18.09.2017 ലെ 264/സി4/2017/ ആഭ്യന്തരം സർക്കുലർ പ്രകാരം നടപടിക്രമങ്ങളും മാർഗ്ഗരേഖകളും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.<br><br>ഈ സർക്കുലറിലെ ഖണ്ഡിക 6 പ്രകാരം, ആഭ്യന്തര (സി) വകുപ്പും പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ ഓഫീസും എല്ലാ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരെയും സംബന്ധിച്ച സമ്പൂർണ്ണ വിവരം സൂക്ഷിക്കുകയും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രകടനം എല്ലാ 6 മാസം കൂടുന്തോറും ആഭ്യന്തര സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവരുടെ ഒരു കമ്മിറ്റി വിലയിരുത്തുകയും ചെയ്യും.<br><br>പോക്സോ ആക്റ്റ് പ്രകാരമുള്ള കേസുകളുടെ നിരീക്ഷണത്തിനായി മുൻ അസിസ്റ്റന്റ് സെഷൻസ് ജഡ്ജി ശ്രീ.എം. ആർ. ശശിയെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. |
| (ബി) | കോടതിയിലെത്തുന്ന പോക്സോ കേസുകൾ പരിശോധിക്കാൻ എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ; | (ബി) | "പോക്സോ നിയമത്തിന് കീഴിലുള്ള വിചാരണകളുടെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള ജഡ്ജിമാരുടെ കമ്മിറ്റി" യുടെ നിരന്തര നിരീക്ഷണത്തിലാണ് സംസ്ഥാനത്തെ പോക്സോ കോടതികൾ പ്രവർത്തിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗീക അതിക്രമ കേസുകളുടെ അന്വേഷണം 2 മാസത്തിനകം പൂർത്തീകരിക്കുന്നതിനും, തീർപ്പാക്കൽ നിരക്ക് 80 ശതമാനത്തിൽ കൂടുതലാക്കാനും അവലോകനം ചെയ്യുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള ശക്തമായ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇടനിലക്കാരുടെ സ്വാധീനത്തിൽ മൊഴി മാറ്റുന്നതിനാൽ പ്രതികൾ രക്ഷപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | പൊതുജനങ്ങൾക്കിടയിലുള്ള ബോധവൽക്കരണവും WITNESS PROTECTION SCHEME എന്നിവ ഉൾപ്പെടെയുള്ള നടപടികൾ വഴി സാക്ഷികൾക്കും അതിജീവിതയ്ക്കും ആവശ്യമായ നിയമ സഹായം ചെയ്ത് ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ